## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 667

28.09.2016 -ലെ മറുപടിയ്ക്ക്

# പരമ്പരാഗത തൊഴിൽ മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം പരമ്പരാഗത തൊഴിൽ മേഖലകൾ പൂർണ്ണമായും ഇല്ലാതായി എന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (എ) പരമ്പരാഗത തൊഴിൽ മേഖലകൾ പൂർണ്ണമായും ഇല്ലാതായിട്ടുള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല മേഖലകളിലും ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള ഏതെല്ലാം തൊഴിൽ മേഖലകളാണ് പൂർണ്ണനാശത്തിന്റെ വക്കിലെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) പരമ്പരാഗത തൊഴിൽ മേഖലകളായ ബീഡി, ഖാദി, മുള ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ, കാഷ്യൂ, കൈത്തറി തുടങ്ങിയവ പ്രതിസന്ധി നേരിടുന്നു. |
| സി) തുച്ഛമായ എണ്ണം ആളുകൾ മാത്രം പണി ചെയ്യുന്ന പരമ്പരാഗത തൊഴിൽ മേഖലകൾ കണ്ടെത്തി അവയെ നിലനിർത്തുന്നതിന് ആവശ്യമായ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;<br><br>ഡി) പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലകളിലേക്ക് ചേക്കേറുന്ന തൊഴിലാളികളെ പരമ്പരാഗത മേഖലകളിൽ നിലനിർത്തുന്നതിന് ഉതകുന്ന തരത്തിൽ അവയെ മാറ്റിയെടുക്കുന്നതിനാവശ്യമായ സഹായം ഈ തൊഴിൽമേഖലകൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) &(ഡി) 2010-2011 മുതൽ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന തൊഴിൽ വകുപ്പ് ധനസഹായം നൽകി വരുന്നു. ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ, കൈത്തറി തുടങ്ങിയതൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250/- രൂപ നിരക്കിൽ പ്രതിവർഷം ധന സഹായം നൽകുന്നുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 341.38 കോടി രൂപ ബന്ധപ്പെട്ട വകുപ്പുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. |

Sreedas

**സെക്ഷൻ ഓഫീസർ**